കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 - ഓഡിറ്റ് തടസ്സത്തിനാധാരമായ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.2018/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 29/06/2016

---

പരാമർശം : 1. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.07.2015 – തിയതിയിലെ എച്ച്-447/2015 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 11.11.2015 – തിയതിയിലെ എം3/36216/15 നമ്പർ കത്ത്

3. കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26.03.2016 – തിയതിയിലെ കെ.എസ്.എ-14126/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം ഭവന നിർമ്മാണത്തിനായി ചെലവഴിച്ച 75,000 രൂപാ (എഴുപത്തിയയ്യായിരം മാത്രം) തടസ്സപ്പെടുത്തിയിരുന്നു. ശ്രീ.ബാലകൃഷ്ണൻ എന്നയാൾക്ക് ഭവന നിർമ്മാണത്തിനായി 75,000 രൂപാ (എഴുപത്തിയയ്യായിരം മാത്രം) അനുവദിച്ചിരുന്നുവെങ്കിലും ഭവനനിർമ്മാണം നടത്തുന്നതിനു പകരം ടിയാൻ റിപ്പയിംഗ് വർക്ക് മാത്രം നടത്തിയതായി കാണുന്നതിനാൽ പ്രസ്തുത തുകയിലെ തറ, ചുമർ എന്നിവയ്ക്കായി അനുവദിച്ച 52,500 രൂപാ (അൻപത്തിയ്യയായിരത്തി അഞ്ഞൂറ് മാത്രം) നിരാകരിക്കുന്നതായും ആയതിൽ 17500 രൂപാ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും 32,500 രൂപാ ഉത്തരവാദിയായ വി.ഇ.ഒ – യിൽ നിന്നും ഈടാക്കേണ്ടതാണെന്നും ഓഡിറ്റിൽ പരാമർശിച്ചിരുന്നു. ഗുണഭോക്താവായ ശ്രീ.ബാലകൃഷ്ണൻ എന്നയാൾ വളരെ പാവപ്പെട്ടയാളാണെന്നും ടിയാന് നേരത്തെയുണ്ടായിരുന്ന ഒരു ചെറിയ ഓലപ്പുര ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തി പുതിയ നിർമ്മാണം നടത്തിയപ്പോൾ പഴയ ഓലപ്പുരയുടെ തറയ്ക്കും ചുമരിന്റെ ഒരു ഭാഗത്തിനും നല്ല ബലമുണ്ടായിരുന്നതിനാൽ ആയത് പൊളിച്ചു നീക്കാതെയാണ് ഭവന നിർമ്മാണം നടത്തിയതെന്നും ഇതിനാലാണ് ഭവനനിർമ്മാണം നടത്തുന്നതിനു പകരം റിപ്പയറിംഗ് വർക്ക് മാത്രമാണ് ടിയാൻ നടത്തിയതായി ഓഡിറ്റ് കണ്ടെത്തിയതെന്നും ആയതിനാൽ ഗുണഭോക്താവിന് വീട് ഉപയോഗപ്രദമായതിനാൽ ഇക്കാര്യത്തിലുള്ള ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി നൽകി ഇക്കാര്യത്തിൽ സാധൂകരണം

നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം ഭവന നിർമ്മാണത്തിനായി അനുവദിച്ച 75,000 രൂപ (എഴുപത്തിയയ്യായിരം മാത്രം) യിൽ ആഡിറ്റ് തടസ്സപ്പെടുത്തിയ 52,500 രൂപ (അൻപത്തിയ്യയായിരത്തി അഞ്ഞൂറ് മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിദ്ധാർത്ഥൻ.എസ്
ഡെപ്യൂട്ടിസെക്രട്ടറി.

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്, മലപ്പുറം
വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം (കേരളാ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ